# റിപ്പോർട്ട് സമർപ്പണം

1. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 239 (3) പ്രകാരമുള്ള സംക്ഷേപം സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 25-ാമതും 26-ാമതും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

3. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, നെല്ലിയാമ്പതി കരുണാ എസ്റ്റേറ്റിന് കരം അടയ്ക്കുന്നതിന് അനുമതിയുമായി ബന്ധപ്പെട്ട് ചർച്ച നടന്നിരുന്നു. അതിനെ സംബന്ധിച്ച് ഒരന്വേഷണം നടത്തുമെന്ന് പറഞ്ഞിരുന്നു. അന്വേഷണം നടത്തിയതിനുശേഷമുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് ഞാൻ

സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, അടിയന്തര പ്രമേയത്തിന്റെ ഭാഗമായിട്ടാണ് ഈ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചത്. റിപ്പോർട്ടിന്റെ കോപ്പി മെമ്പർമാർക്ക് ലഭിക്കുമോ?

മി. സ്പീക്കർ: ഇത്തരം റിപ്പോർട്ടുകൾ ലൈബ്രറിയിൽ വയ്ക്കുകയാണ് സാധാരണ ചെയ്യുന്ന പതിവ്. ഓരോന്ന് എടുത്ത് കൊടുക്കാറില്ല. ആവശ്യമുള്ള അംഗങ്ങൾക്ക് ലൈബ്രറിയിൽ നിന്നും കോപ്പി എടുക്കാം.

ശ്രീ. എ. കെ. ബാലൻ: സർ, അടിയന്തര പ്രമേയത്തിന് തുടർച്ചയായിട്ടാണല്ലോ റിപ്പോർട്ടുകൾ വയ്ക്കുന്നത്. അതിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ടുകൊണ്ട് പ്രതിപക്ഷത്തിന് മെറിറ്റിലേക്ക് കടന്ന് എന്തെങ്കിലും സംസാരിക്കണമെങ്കിൽ അതിന്റെ കോപ്പി ലഭ്യമായേ പറ്റൂ. ഇപ്പോൾത്തന്നെ തന്നുകഴിഞ്ഞാൽ വളരെ ഉപകാരമായിരിക്കും.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ഇത് ലൈബ്രറിയിൽ വയ്ക്കാം. സാധാരണ അങ്ങനെയാണ് ചെയ്യുന്നത്.